THE SCHOOL DISTRICT OF PHILADELPHIA
OFFICE OF ACADEMIC SUPPORTS

**Office of Multilingual Curriculum & Programs**
Suite 251
440 North Broad Street
Philadelphia, PA 19130

# ഇംഗ്ലീഷ് പഠിതാവിനുള്ള പ്രവേശന അറിയിപ്പ്

പ്രിയ രക്ഷിതാവേ/രക്ഷാകർത്താവേ:

താങ്കളുടെ കുട്ടി,____________________, വിദ്യാർത്ഥി ഐഡി#___________ __________________________________, തീയതിയിൽ നടന്ന WIDA ഇംഗ്ലീഷ് നിപുണതാ സ്ക്രീനർ ടെസ്റ്റിലൂടെ വിലയിരുത്തപ്പെടുകയും ഒരു____________________________കോമ്പോസിറ്റ് സ്കോർ കരസ്ഥമാക്കുകയും ചെയ്തിട്ടുണ്ട്. ആ വിധത്തിൽ, നിങ്ങളുടെ കുട്ടിയെ ഒരു ഇംഗ്ലീഷ് പഠിതാവായി (English Learner, EL) തിരിച്ചറിയപ്പെട്ടിരിക്കുന്നു, ഇംഗ്ലീഷ് ഒരു രണ്ടാം ഭാഷ (English as a Second Language, ESL) എന്ന് പൊതുവായി അറിയപ്പെടുന്ന ലാംഗ്വേജ് ഇൻസ്ട്രക്ഷൻ എജ്യുക്കേഷണൽ പ്രോഗ്രാമിലൂടെ (Language Instruction Educational Program, LIEP) പിന്തുണ ലഭിക്കുകയും ചെയ്യും.

***LIEP***-യുടെ ലക്ഷ്യം നിങ്ങളുടെ കുട്ടിയെ ഇംഗ്ലീഷ് പഠിക്കാൻ സഹായിക്കുക എന്നതാണ്, അതിലൂടെ അവന്/അവൾക്ക് ദൈനംദിന ഗ്രഹിക്കാനും സ്കൂളിൽ സാമൂഹികമായി പങ്കെടുക്കുന്നതിനും ഗ്രേഡ് പ്രൊമോഷനു ഗ്രാജ്വേഷനുമായി ഗ്രേഡിന് ആവശ്യമായ അക്കാഡമിക്ക് നിലവാരങ്ങൾ നിറവേറ്റാനും സാധിക്കും. ***LIEP***-യിൽ നിന്നു പുറത്തുകടക്കണമെങ്കിൽ നിങ്ങളുടെ കുട്ടി പെനസിൽവാനിയ വിദ്യാഭ്യാസ വകുപ്പിന്റെ പുനഃക്രമീകരണത്തിനുള്ള മാനദണ്ഡം പാലിക്കണം. എല്ലാ വർഷവും ഫിലാഡെൽഫിയ സ്കൂൾ ഡിസ്ട്രിക്റ്റ്, ഇംഗ്ലീഷ് പഠിക്കുന്ന ഏതൊക്കെ കുട്ടികളാണ് പുനഃക്രമീകരണത്തിന് യോഗ്യത നേടിയിട്ടുള്ളതെന്ന് നിർണ്ണയിക്കാൻ ഇംഗ്ലീഷ് പഠിതാക്കളുടെ പ്രകടനം വാർഷികമായി അവലോകനം ചെയ്യും. പുനക്രമീകരണത്തിനുള്ള മാനദണ്ഡങ്ങൾ നിങ്ങൾക്ക് https://www.education.pa.gov/ എന്ന പെനസിൽവാനിയ വിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റിൽ നിന്ന് മനസ്സിലാക്കാവുന്നതാണ്.

ഫെഡറൽ ***എവരി സ്റ്റുഡന്റ് സക്സീഡ്സ് ആക്റ്റ് (Every Student Succeeds Act, ESSA)*** അനുസരിച്ച്, ലഭ്യമാകുന്ന മുറയ്ക്ക് ചില വിദ്യാർത്ഥികൾക്ക് അനുബന്ധ സേവനങ്ങൾ നൽകിയേക്കാം. ക്ലാസെടുത്തുകൊടുക്കൽ, ഓൺലൈൻ പ്രോഗ്രാമിംഗ്, അല്ലെങ്കിൽ സ്കൂൾ കഴിഞ്ഞതിന് ശേഷവും ഒഴിവു ദിവസങ്ങളിലും നടത്തപ്പെടുന്ന പരിപാടികൾ എന്നിവ ഉൾപ്പെടുന്നു. ഇംഗ്ലീഷ് പഠിക്കുന്നവരുടെ രക്ഷിതാക്കൾക്ക് ഈ സേവനങ്ങൾ നിരാകരിക്കാനുള്ള അവകാശമുണ്ട്, കൂടാതെ നിങ്ങളുടെ കുട്ടിയുടെ ***LIEP***-യുടെ ഭാഗമായേക്കാവുന്ന ചില പ്രത്യേക പരിപാടികൾ നിരസിക്കാനുള്ള അവകാശവുമുണ്ട്. സേവനങ്ങൾ നിരാകരിക്കാൻ താൽപ്പര്യപ്പെടുന്നെങ്കിൽ അല്ലെങ്കിൽ ***LIEP*** സംബന്ധിച്ച് മറ്റ് ചോദ്യങ്ങളുണ്ടെങ്കിൽ, ഓഫീസ് ഓഫ് മൾട്ടിലിംഗ്വൽ കരിക്കുലം പ്രോഗ്രാംസുമായി (Office of Multilingual Curriculum and Programs, OMCP) ഒരു മീറ്റിംഗ് ക്രമീകരിക്കാൻ നിങ്ങളുടെ സ്കൂളിന്റെ പ്രിൻസിപ്പാളുമായി ബന്ധപ്പെടുക.

നിങ്ങളുടെ കുട്ടിയുടെ അക്കാഡമിക്ക് നേട്ടത്തിന് പിന്തുണ നൽകുന്നതിൽ നിങ്ങളുമായി സഹകരിച്ച് പ്രവർത്തിക്കുന്നത് തുടരാമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു.

വിശ്വസ്തതയോടെ,

| | |
|---|---|
| ______________________________ | ______________________________ |
| ടെസ്റ്റ് അഡ്മിനിസ്ട്രേറ്ററുടെ പേര്. ടെസ്റ്റ് | അഡ്മിനിസ്ട്രേറ്ററുടെ പദവി |
| ______________________________ | ______________________________ |
| ടെസ്റ്റ് അഡ്മിനിസ്ട്രേറ്ററുടെ ഒപ്പ് | തീയതി |

THE SCHOOL DISTRICT OF PHILADELPHIA
OFFICE OF ACADEMIC SUPPORTS

**Office of Multilingual Curriculum & Programs**
Suite 251
440 North Broad Street
Philadelphia, PA 19130

**പതിവ് ചോദ്യങ്ങൾ**

1. **എന്റെ കുട്ടിയുടെ ഇംഗ്ലീഷ് പരിജ്ഞാനം പരിശോധിക്കുന്നതിനുള്ള വാർഷിക വിലയിരുത്തൽ എന്താണ്?**

   നിങ്ങളുടെ കുട്ടിയുടെ ഇംഗ്ലീഷ് നൈപുണ്യം നിർണ്ണയിക്കാൻ വാർഷികമായി ACCESS for ELs® നിർണ്ണയം ഉപയോഗിക്കുന്നു. ഓരോ അധ്യയനവർഷത്തിലും ജനുവരിക്കും ഫെബ്രുവരിക്കും ഇടയിലാണ് മൂല്യനിർണ്ണയം നടത്തപ്പെടുന്നത്, ഓൺലൈൻ വഴി അല്ലെങ്കിൽ പേപ്പറും പെൻസിലും ഉപയോഗിച്ച് ആണ് ഇത് നടത്തപ്പെടുന്നത്. 1.0 - 6.0 (6.0 ഏറ്റവും ഉയർന്നത്) എന്നിങ്ങനെയുള്ള സ്കോറാണ് വിദ്യാർത്ഥികൾക്ക് ലഭിക്കുക.

2. **ACCESS for ELs® മൂല്യനിർണ്ണയത്തിൽ എന്താണ് പ്രധാനമായി ടെസ്റ്റ് ചെയ്യുന്നത്?**

   നിങ്ങളുടെ കുട്ടിയുടെ ഇംഗ്ലീഷ് വായിക്കുന്നതിനും എഴുതുന്നതിനും സംസാരിക്കുന്നതിനും മനസ്സിലാക്കുന്നതിനുമുള്ള നിപുണത വിലയിരുത്തുന്നു. ഈ വിഭാഗങ്ങളെ പൊതുവെ "ഡൊമെയ്നുകൾ" എന്ന് പരാമർശിക്കുന്നു. ഓരോ ഡൊമെയ്നിനും ഒരു സ്കോർ ഉണ്ടായിരിക്കും, ഇതെല്ലാം കൂട്ടിയായിരിക്കും നിങ്ങളുടെ കുട്ടിയുടെ ഇംഗ്ലീഷ് നിപുണതാ നില എന്നു കൂടി അറിയപ്പെടുന്ന മൊത്തത്തിലുള്ള കോമ്പോസിറ്റ് സ്കോർ നിശ്ചയിക്കുക. ഓരോ ഡൊമെയ്നിലും സാമൂഹ്യ ശാസ്ത്രം, സയൻസ്, ഗണിതം, ഭാഷാ കലകൾ എന്നിവ സംബന്ധിച്ച ചോദ്യങ്ങൾ ഉൾപ്പെട്ടിരിക്കും.

3. **ACCESS for ELs® മൂല്യനിർണ്ണയത്തിൽ എന്റെ കുട്ടിയുടെ വാർഷിക പ്രകടനം എന്നെ അറിയിക്കുമോ?**

   ഉവ്വ്, ACCESS for ELs® മൂല്യനിർണ്ണയത്തിലെ നിങ്ങളുടെ കുട്ടിയുടെ പ്രകടനം സംബന്ധിച്ച് ഓരോ അധ്യയന വർഷത്തിന്റെയും അവസാനം നിങ്ങളെ അറിയിക്കും. റിപ്പോർട്ട് ഒന്നുകിൽ സ്കൂൾ ഫയലിൽ ഉള്ള വിലാസത്തിൽ മെയിൽ ചെയ്യുകയോ അല്ലെങ്കിൽ നിങ്ങൾക്ക് നൽകുന്നതിനായി നിങ്ങളുടെ കുട്ടിയുടെ കയ്യിൽ കൊടുത്തയയ്ക്കുകയോ ചെയ്യുന്നതാണ്.

4. **സ്കൂൾ വർഷത്തിൽ ഉടനീളം കുട്ടിയുടെ ഇംഗ്ലീഷ് പരിജ്ഞാനത്തിലെ പുരോഗതിയെ കുറിച്ച് ഞാൻ എങ്ങനെ മനസ്സിലാക്കും?**

   അധ്യയന വർഷത്തിൽ ഉടനീളം അക്കാഡമിക്കലായും സാമൂഹ്യമായും നിങ്ങളുടെ കുട്ടിയുടെ പ്രകടനം എങ്ങനെയുണ്ടെന്നത് സംബന്ധിച്ച ഇടക്കാല റിപ്പോർട്ടുകൾ നിങ്ങൾക്ക് ലഭിക്കും. ഓരോ മാർക്കിംഗ് കാലയളവിന്റെയും അവസാനമുള്ള റിപ്പോർട്ട് കാർഡ് കോൺഫറൻസുകളിൽ രക്ഷിതാക്കൾ/രക്ഷാകർത്താക്കൾ പങ്കെടുക്കുന്നതും ഞങ്ങൾ താൽപ്പര്യപ്പെടുന്നു. അധ്യയന വർഷത്തിൽ ഫിലാഡെൽഫിയ സ്കൂൾ ഡിസ്ട്രിക്റ്റ് മൂന്ന് (3) റിപ്പോർട്ട് കാർഡ് കോൺഫറൻസുകൾ നടത്തുന്നതാണ്. ഈ തീയതികൾ അറിയാൻ നിങ്ങളുടെ കുട്ടിയുടെ അധ്യാപികയെ കാണുക.

5. **എത്ര പെട്ടന്ന് എന്റെ കുട്ടിക്ക് ഇംഗ്ലീഷിൽ നൈപുണ്യം നേടാനും LIEP-യിൽ നിന്ന് പുറത്തു വരാനും കഴിയും?**

   വിദ്യാർത്ഥികൾ ഇംഗ്ലീഷ് പഠിക്കുന്നതിനെ നിരവധി ഘടകങ്ങൾ സ്വാധീനിക്കുന്നു. വിദ്യാർത്ഥിയുടെ പ്രായം, മുൻകാല ഇംഗ്ലീഷ് പരിജ്ഞാനം, വിദ്യാർത്ഥിയുടെ മാതൃഭാഷയിലുള്ള അറിവ് എന്നിവ ഇതിൽ ഉൾപ്പെടുന്നു. കുറച്ച് മുതൽ ഒട്ടും ഇംഗ്ലീഷ് അറിവില്ലാതെ സ്കൂൾ പ്രവേശനം നേടുന്ന വിദ്യാർത്ഥികൾ ആറ് വർഷത്തിനുള്ളിൽ നിപണത കൈവരിക്കുമെന്നാണ് ലക്ഷ്യമിടുന്നത്. ഉയർന്ന ഇംഗ്ലീഷ് നിപുണതയിൽ ആരംഭിക്കുന്ന വിദ്യാർത്ഥികൾ വേഗം തന്നെ ഈ കടമ്പ കടക്കും. എന്നിരുന്നാലും ഓരോ കുട്ടിയുടെയും

**Office of Multilingual Curriculum & Programs**
Suite 251
440 North Broad Street
Philadelphia, PA 19130

പുരോഗതി വ്യത്യസ്തമായിരിക്കും. ഇംഗ്ലീഷ് പഠിക്കുന്നതിലുള്ള വിദ്യാർത്ഥികളുടെ പുരോഗതി നിരീക്ഷിക്കുമ്പോൾ അധ്യാപകർ നിരവധി ഘടകങ്ങൾ പരിഗണിക്കും. റിപ്പോർട്ട് കാർഡ് കോൺഫറൻസുകളിൽ അല്ലെങ്കിൽ കുട്ടിയുടെ അധ്യാപകരുമായി ഒരു കൂടിക്കാഴ്ച നിശ്ചയിച്ചുകൊണ്ട് ഇംഗ്ലീഷ് പഠനത്തിലെ കുട്ടിയുടെ പുരോഗതി രക്ഷിതാക്കൾ/രക്ഷാകർത്താക്കൾ ചർച്ച ചെയ്യുന്നത് ഞങ്ങൾ പ്രോത്സാഹിപ്പിക്കുന്നു.

**6. എന്റെ കുട്ടിക്ക് സ്കൂളിൽ എന്തെങ്കിലും തരം പ്രശ്നങ്ങളുണ്ടെങ്കിൽ ഞാൻ ആരെയാണ് കാണേണ്ടത്?**

നിങ്ങളുടെ കുട്ടിയെ സംബന്ധിച്ചുള്ള എല്ലാ കാര്യങ്ങൾക്കും കുട്ടിയുടെ ടീച്ചറെ ബന്ധപ്പെടാവുന്നതാണ്. ടീച്ചറുടെ അഭാവത്തിൽ നിങ്ങൾക്ക് സ്കൂൾ പ്രിൻസിപ്പാളുമായി സംസാരിക്കാവുന്നതാണ്. നിങ്ങളുടെ പ്രിൻസിപ്പാളിന്റെ കോൺടാക്റ്റ് വിവരങ്ങൾ അറിയാൻ https://www.philasd.org/directory/school-directory/ സന്ദർശിക്കുക.

**7. എന്റെ കുട്ടിക്ക് വൈകല്യം ഉണ്ടെങ്കിൽ എന്തുചെയ്യണം?**

ഇംഗ്ലീഷ് പഠിക്കുന്ന നിങ്ങളുടെ കുട്ടിക്ക് ഒരു വൈകല്യമുണ്ടെങ്കിൽ, അവന്/അവൾക്ക് ഇംഗ്ലീഷ് ഭാഷാ പിന്തുണയും പ്രത്യേക വിദ്യാഭ്യാസ സേവനങ്ങളും ലഭിക്കും. ഈ സേവനങ്ങൾ നിങ്ങളുടെ കുട്ടിയുടെ ഇൻഡിവിഡ്വലൈസ്ഡ് എജ്യുക്കേഷൻ പ്രോഗ്രാമിൽ (Individualized Education Program, IEP) അല്ലെങ്കിൽ IEP-ൽ പ്രാമാണീകരിക്കപ്പെടും, കൂടാതെ ഒരു ഇംഗ്ലീഷ് രണ്ടാം ഭാഷയായിട്ടുള്ള (English as a Second Language, ESL) പ്രൊഫഷണൽ ഉൾപ്പെടുന്ന ഒരു IEP ടീം വാർഷികമായി അവലോകനം ചെയ്യുകയും ചെയ്യും. ഈ വാർഷിക IEP അവലോകന മീറ്റിംഗുകളിൽ രക്ഷിതാക്കളും പങ്കെടുത്തിരിക്കണം. കൂടാതെ, നിങ്ങളുടെ കുട്ടിയുടെ ആവശ്യങ്ങൾ അനുസരിച്ച് ഇൻസ്ട്രക്ഷണൽ പ്രോഗ്രാമുകൾ നടപ്പാക്കുന്നത് ഉറപ്പാക്കാൻ അധ്യയന വർഷത്തിൽ ഉടനീളം നിങ്ങളുടെ കുട്ടിയുടെ IEP ടീം സഹകരിച്ച് പ്രവർത്തിക്കും. ഫിലാഡെൽഫിയ സ്കൂൾ ഡിസ്ട്രിക്റ്റിന്റെ പ്രത്യേക വിദ്യാഭ്യാസ സേവനങ്ങൾ സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക്, നിങ്ങളുടെ സ്കൂളിന്റെ പ്രിൻസിപ്പലിനെ ബന്ധപ്പെടുക അല്ലെങ്കിൽ https://www.philasd.org/specializedservices/ സന്ദർശിക്കുക.

**8. എന്റെ കുട്ടിയുടെ സ്കൂളിൽ എനിക്ക് എങ്ങനെ കൂടുതൽ ഇടപെടാൻ കഴിയും?**

നിങ്ങളുടെ കുട്ടിയുടെ വിദ്യാഭ്യാസത്തിൽ ഇടപെടാനാകുന്ന ഒരു മാർഗം സ്കൂളിന്റെ സ്കൂൾ അഡ്വൈസറി കൗൺസിൽ (School Advisory Council, SAC) ആണ്. രക്ഷിതാക്കൾ, അധ്യാപകർ, വിദ്യാർത്ഥികൾ, കമ്മ്യൂണിറ്റി അംഗങ്ങൾ എന്നിവർ അടങ്ങിയ ഈ കൗൺസിൽ സ്കൂൾ മെച്ചപ്പെടുത്തൽ പ്ലാനിംഗിലും തീരുമാനമെടുക്കലിലും സ്കൂൾ നേതൃത്വത്തെ സഹായിക്കുന്നു. പരിമിതമായ ഇംഗ്ലീഷ് ഭാഷാ പരിജ്ഞാനമുള്ള അംഗങ്ങൾക്കായി വിവർത്തനം ചെയ്ത ഡോക്യുമെന്റുകളും പരിഭാഷാ സേവനങ്ങളും നൽകുന്നതാണ്; SAC-ൽ പങ്കെടുക്കുന്നതിന് ഭാഷ ഒരു തടസമാകുന്നതല്ല. അധ്യയന വർഷത്തിൽ ഉടനീളം നഗരത്തിന്റെ വിവിധ ഭാഗങ്ങളിൽ "വെൽക്കം വാഗൺ" മീറ്റിംഗുകൾ ഡിസ്ട്രിക്റ്റ് സംഘടിപ്പിക്കുന്നതാണ്. ഈ ഇവന്റുകൾ സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക്, ഫാമിലി ആൻഡ് കമ്മ്യൂണിറ്റി എൻഗേജ്മെന്റ് (Family and Community Engagement, FACE) ഓഫീസിന്റെ https://www.philasd.org/face/ എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

**9. കൂടുതൽ വിവരങ്ങൾ എനിക്ക് എവിടെ നിന്ന് ലഭിക്കും?**

ഇംഗ്ലീഷ് പഠിതാവായി സംബന്ധിച്ച് കൂടുതൽ അറിയാൻ https://wida.wisc.edu/teach/learners/engagement സന്ദർശിക്കുക. ഫിലാഡെൽഫിയ സ്കൂൾ ഡിസ്ട്രിക്റ്റിന്റെ ഓഫീസ് ഓഫ് മൾട്ടിലിംഗ്വൽ കരിക്കുലവും പ്രോഗ്രാമുകളും സംബന്ധിച്ച് കൂടുതലറിയാൻ, https://www.philasd.org/multilingual/ സന്ദർശിക്കുക.